**നഗര ഗ്രാമാസൂത്രണ വകുപ്പ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട്**
**നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട് - അമ്പലവയൽ ഗ്രാമപഞ്ചായത്ത് അമ്പലവയൽ വില്ലേജ് താമസവശ്യത്തിനായി ഭൂവിഭജനം - പുതുക്കിയ ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- 1. ഈ ഓഫീസിലെ 27.09.19 തീയതിയിലെ TCPWYD/780/2019-C നമ്പർ ഉത്തരവ്.

2. സിജു മാത്യു, സോവി കരിയൻ തട്ടാരട്ടു ഹൗസ്, പുളിന്താനം പി ഒ, മൂവാറ്റുപുഴയുടെ 25/10/19 ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPWYD/852/2019-C തീയതി: 27/11/2019</u>**

അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ 11 വാർഡിൽ, തോമാട്ടുചാൽ വില്ലേജിൽ, റീസർവ്വെ നമ്പർ 606/932, 933, 934, 935, 936, 937, 938 എന്നിവയിൽപ്പെട്ട 1.7649 ഹെക്ടർ ഭൂമി താമസവശ്യത്തിനായി (വില്ലാ പ്രോജക്റ്റ്) വിഭജിക്കുന്നതിന് ഈ ഓഫീസിലെ 27/9/2019 ലെ TCPWYD/780/2019-C നമ്പർ ഉത്തരവ് പ്രകാരം ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവായിരുന്നു. അംഗീകൃത ലേ-ഔട്ടിൽ വ്യത്യാസം വന്ന സാഹചര്യത്തിൽ താഴെ പറയുന്ന വ്യവസ്ഥകളോടെ പുതുക്കിയ ലേ -ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു. 27/9/2019 തീയതിയിൽ ഈ ഓഫീസിൽ നിന്നും TCPWYD/780/2019-C നമ്പർ പ്രകാരം ലേ-ഔട്ട് അനുമതി നൽകിയ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു. സെക്രട്ടറി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

1. വിഭാവനം കെ.പി.ബി.ആർ 2011 ലേയും തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തേക്ക് 6 മീറ്റർ വീതിയിൽ വഴി ഉപയോഗിക്കുന്നതിന് അപേക്ഷകർക്ക് നിയമപരമായ അവകാശം ഉണ്ടെന്നു സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
3. വൻതോതിലുള്ള മണ്ണ് കുഴിക്കൽ, നികത്തൽ എന്നിവ ഒഴിവാക്കുന്ന തരത്തിൽ ഭൂമിയുടെ ചരിവിനനുസൃതമായ നിർമ്മാണ രീതി അവലംബിക്കേണ്ടതാണ്.
4. നിർമ്മാണ സ്ഥലത്ത് ചട്ടപ്രകാരമുള്ള പാർക്കിംഗ് ഉൾക്കൊള്ളുന്ന വിധത്തിൽ പൊതുപാർക്കിംഗ് സ്ഥലം ഒരുക്കേണ്ടതാണ്.
5. നിർമ്മാണ സ്ഥലത്ത് ശുദ്ധജല ലഭ്യത ഉറപ്പ വരുത്തേണ്ടതാണ്.
6. നിർമ്മാണസ്ഥലത്ത് ഹരിതാഭ നിലനിർത്തുന്നതിലേക്കായി അനുയോജ്യമായ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണ്.
7. ഒരോ പ്ലോട്ടിനും പ്രത്യേകം സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിന് പകരം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നത് അഭികാമ്യമായിരിക്കും.
8. മണ്ണ് കുഴിക്കുന്നതിനും നികത്തുന്നതിനും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
9. മാലിന്യ നിർമ്മാർജ്ജനത്തിനും മലിനജല സംസ്കാരണത്തിനും ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും യാതൊരു കാരണവശാലും മാലിന്യങ്ങൾ കാരാപ്പുഴ റിസർവോയറിൽ നിക്ഷേപിക്കാൻ പറ്റുമുള്ളതുമല്ല

10. വികസന അനുമതിക്കായി അപ്പെന്ഡിക്സ് എഎയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
11. കാരാപ്പുഴ റിസർവോയറിന് സമീപത്തുള്ള നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയന്ത്രണങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
12. പരാമർശിത സ്ഥലം കാരാപ്പുഴ ഡാംസൈറ്റിനു ഭാഗം ചേർന്ന് നിൽക്കുന്നതിനാൽ ഡാം മേഖലയിലെ നിർമാണം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി മാത്രമേ നിർമ്മാണം അനുവദിക്കാവൂ എന്ന കാര്യം പഞ്ചായത്തു സെക്രട്ടറി നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ അനുശാസിക്കേണ്ടതാണ്.
13. സ്ഥലം സംബന്ധിച്ച കാര്യങ്ങൾ അതായതു ഉടമസ്ഥാവകാശം , അളവുകൾ, വികസന നിയന്ത്രണങ്ങൾ തുടങ്ങിയവ ഉൾപ്പെടെ റെവന്യൂ രേഖകൾ പരിശോധിച്ചു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
14. നിർമ്മാണവുമായി ബന്ധപ്പെട്ട് ബാധകമായ മറ്റ് എല്ലാ അനുമതിയും വാങ്ങിയിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**15 /2019 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.**

ഉള്ളടക്കം: പ്ലാൻ ~~ഒരു~~ രണ്ട് സെറ്റ്

RAMACHANDRAN A
TOWN PLANNER

ശ്രീ. സിജു മാത്യു, സോവി കുരിയൻ
തട്ടാരട്ടു ഹൗസ്, പുളിന്താനം പി ഒ,
മൂവാറ്റുപുഴ

പകർപ്പ്: 1) സെക്രട്ടറി, അമ്പലവയൽ ഗ്രാമപഞ്ചായത്ത്
2) അധികം

DISPATCHED 27/12/19